(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നവർക്ക് പ്രതിമാസം 20 രൂപ വീതം അംശദായമായി ക്ഷേമനിധിയിൽ അടയ്ക്കേണ്ടതാണ്.

(സി) വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. *

(ഡി) 734780 രജിസ്റ്റേർഡ് അംഗങ്ങൾ ഉണ്ട്.

(ഇ) നാളിതുവരെ 377257,980 രൂപയുടെ നിക്ഷേപം ഉണ്ട്.

തൊഴിൽ അന്വേഷകർക്കായുള്ള പദ്ധതി

267(2736) ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ അന്വേഷകരെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിലെ എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ. ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഉണ്ടാക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം പരിശീലനം സിദ്ധിച്ച ഉദ്യോഗാർത്ഥികൾക്ക്, സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ടും സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവസരം ഉണ്ടാക്കി കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമുഖേന കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത എംപ്ലോയബിലിറ്റി സെന്ററുകളിൽ അക്കാദമി ഫോർ സ്കിൽ എക്സലൻസ് മുഖേന എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കൂടാതെ മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കേന്ദ്രീകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

നൈപുണ്യം പദ്ധതി

268(2737) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈപുണ്യം പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പരമ്പരാഗത തൊഴിൽ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ വിദഗ്ധ തൊഴിലാളികളെ പരിശീലിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ ;

(സി) പദ്ധതിയിൻ കീഴിൽ കൂടുതൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly